Draft #2 of File 41429/EI38 SO/2020/EI 38 Approved by ASSISTANT REGISTRAR IV (ACADEMIC) on 12-Nov-2021 11:11 AM - Page 1

15 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സ്വയംഭരണ കോളേജുകളിൽ നിന്നും പ്രൊവിഷണൽ/മൈഗ്രേഷൻ സാക്ഷ്യപത്രങ്ങൾ വിദ്യാർത്ഥികൾക്ക് നൽകുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് - സർവ്വകലാശാലയുടെ അനുമതിക്കാവശ്യമായ രേഖകൾ സമർപ്പിക്കുന്നതിനും തുടർന്ന് അനുമതി ലഭ്യമായതിനു ശേഷം സാക്ഷ്യപത്രങ്ങൾ നൽകുന്നതിനും തീരുമാനിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് മറ്റ് സ്വയംഭരണ കോളേജുകൾക്കും ബാധകമാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 6020/AC B 7/2021/എം.ജി.യു                പ്രിയദർശിനി ഹിൽസ്,തീയതി: 12.11.2021

---

*പരാമർശം:*-1) 01/03/2021-ൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഓർഡിനൻസ്
2) 07/10/2021-ലെ SACA/COE/TR/2021Pct-s/04 നമ്പർ കത്ത്
3) 27/10/2021-ലെ 5640/ACB7/2021/എം.ജി.യു.നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

സർവ്വകലാശാല ആക്ട് 1985 അധ്യായം IX - ലെ വ്യവസ്ഥകൾക്ക് ഭേദഗതി വരുത്തി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച പരാമർശം-1 ഓർഡിനൻസിലെ സെക്ഷൻ 114 (v)-ലെ വ്യവസ്ഥ പ്രകാരം സ്വയംഭരണ കോളേജായ എറണാകുളം സെൻ.ആല്ബർട്സ് കോളേജ് പ്രിൻസിപ്പൽ ടി കോളേജിൽ പഠനം പൂർത്തിയാക്കിയ ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടുകൊണ്ട് പരാമർശം-2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. സമാന ആവശ്യം ഉന്നയിച്ച് സ്വയംഭരണ കോളേജായ കുട്ടിക്കാനം മരിയൻ കോളേജ് സമർപ്പിച്ച അപേക്ഷ 06/10/2021-ലെ സിൻഡിക്കേറ്റ് ഉപസമിതി (അഫിലിയേഷൻ & അപ്പ്രൂവൽ) പരിഗണിക്കുകയും, പ്രൊവിഷണൽ/മൈഗ്രേഷൻ സാക്ഷ്യപത്രങ്ങൾ കോളേജിൽ നിന്നും വിതരണം ചെയ്യുന്നതിന് അനുവാദം നൽകുന്നതിന് സർവ്വകലാശാലയുടെ അനുമതിക്കാവശ്യമായ രേഖകൾ സമർപ്പിക്കുന്നതിനും തുടർന്ന് സർവ്വകലാശാലയുടെ അനുമതി ലഭ്യമായതിനുശേഷം മാത്രം പ്രൊവിഷണൽ/മൈഗ്രേഷൻ സാക്ഷ്യപത്രങ്ങൾ കോളേജിൽ നിന്നും നൽകുന്നതിനും ശിപാർശ ചെയ്തു. ടി ശിപാർശ ബഹു.വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 3 വകുപ്പ് 10 (17) പ്രകാരം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം-3 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം- 3 ഉത്തരവിലെ വ്യവസ്ഥകൾ സെന്റ് ആല്ബെർട്സ് കോളേജ് അടക്കമുള്ള മറ്റ് സ്വയംഭരണ കോളേജുകൾക്കും ബാധകമാക്കി പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ്/മൈഗ്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിന് അനുമതി നൽകി മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 3 വകുപ്പ് 10 (17) പ്രകാരം ബഹു.വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുരളീധരൻ കെ വി

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

1. വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. എല്ലാ സ്വയംഭരണ കോളേജ് പ്രിൻസിപ്പൽമാർക്കും
4. ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
5. ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്)
6. അസിസ്റ്റൻറ് രജിസ്ട്രാർ IV(അക്കാദമിക്) /അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
7. ഏസി.സി. സെക്ഷൻ/പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ക്യൂ.എ.സി.
8. ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ /ഇ.ഐ.39സെക്ഷൻ
9. സ്റ്റോക് ഫയൽ/ റെക്കോർഡ്സ്/ ഫയൽ കോപ്പി

Draft #2 of File 41429/EI38 SO/2020/EI 38 Approved by ASSISTANT REGISTRAR IV (ACADEMIC) on 12-Nov-2021 11:11 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം